**'ഭരണഭാഷ – മാതൃഭാഷ'**

എക്സ്.ജെ3–112686/19

**അഡീ. എക്സൈസ് കമ്മീഷണറുടെ കാര്യാലയം**
**(എൻഫോഴ്സ്മെന്റ്), നന്ദാവനം, തിരുവനന്തപുരം**

ഫോൺ- 0471-2322146, E-mail- addlecenfo.exc@kerala.gov.in

**തീയതി:** 14.03.2019

## സർക്കുലർ

വിഷയം: എക്സൈസ് എൻഫോഴ്സ്മെന്റ് – ലോകസഭാ തെരെഞ്ഞെടുപ്പ് 2019 – അബ്കാരി മേഖലയിലെ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള തീവ്രയജ്ഞം – എൻഫോഴ്സ്മെന്റ് പ്രവർത്തനം – സംബന്ധിച്ച്.

*******

1) ലോകസഭാ തെരെഞ്ഞെടുപ്പ് 2019–നോട് അനുബന്ധിച്ച് എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും തങ്ങളുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം ഉടനടി ആരംഭിക്കേണ്ടതാണ്. ടി കൺട്രോൾ റൂമുകൾക്ക് ടോൾ ഫ്രീ നമ്പർ സ്ഥാപിക്കുന്നതിന് BSNL അധികാരികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

2) മേൽ കാലളയവിൽ ഡിവിഷനുകളിലെ എല്ലാ എക്സൈസ് റേഞ്ച് ഓഫീസുകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന രീതിയിൽ മൊബൈൽ പട്രോൾ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. ഡ്യൂട്ടി ആരംഭിക്കുന്നതിന് മുൻപായി മൊബൈൽ പട്രോൾ യൂണിറ്റ് ഓഫീസറുടെ മൊബൈൽ നമ്പർ കൺട്രോൾ റൂമിൽ നൽകേണ്ടതാണ്.

3) കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട മൊബൈൽ പട്രോൾ യൂണിറ്റുകൾക്ക് ഉടനടി നൽകേണ്ടതും കാലവിളംബം കൂടാതെ നടപടി സ്വീകരിക്കേണ്ടതുമാണ്.

4) ജില്ലാ കൺട്രോൾ റൂമിന്റെ ഫോൺ നമ്പർ, ടോൾ ഫ്രീ നമ്പർ, എല്ലാ സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെയും ഫോൺ നമ്പരുകൾ എന്നിവ പത്രങ്ങൾ വഴിയും മറ്റ് മാധ്യമങ്ങൾ വഴിയും പൊതുജനങ്ങളെ അറിയിക്കേണ്ടതാണ്. ഫോൺ നമ്പരുകൾ എല്ലാ ഓഫീസുകളിലും, ചെക്ക് പോസ്റ്റുകളിലും, പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിക്കേണ്ടതാണ്.

5) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ബന്ധപ്പെട്ട ജില്ലാകളക്ടറുമായി ബന്ധപ്പെട്ട് ഡിസ്റ്റിലറികളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

6) കള്ള് ഷാപ്പുകളും മറ്റ് മദ്യശാലകളും കൃത്യസമയത്ത് തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നുവെന്നും, ടി സ്ഥാപനങ്ങളിലെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. അപ്രതീക്ഷിത സമയങ്ങളിൽ കള്ള്ഷാപ്പുകൾ പരിശോധിച്ച് കള്ള് സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കി നടപടി സ്വീകരിക്കേണ്ടതാണ്.

7) അതിർത്തി ചെക്ക് പോസ്റ്റുകൾ വഴി കടന്നുവരുന്ന എല്ലാ വാഹനങ്ങളും കൃത്യമായും കാര്യക്ഷമമായും 24 മണിക്കൂറും പരിശോധിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും ചെക്ക്പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തേണ്ടതുമാണ്. ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ഉദ്യോഗസ്ഥരെ വിന്ന്യസിക്കേണ്ടത് ആവശ്യമാണെന്ന് കാണുകയാണെങ്കിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ആയതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

14/3/19

**അഡീഷണൽ എക്സൈസ് കമ്മീഷണർ**
**(എൻഫോഴ്സ്മെന്റ്)**

ഗ്രാഹകൻ

1. എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും
2. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും
3. എല്ലാ അസി.എക്സൈസ് കമ്മീഷണർമാർക്കും

**പകർപ്പ്**

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം